ഉത്തരം

(എ) ദേശാടനക്കിളികൾ കേരളത്തിൽ എല്ലായിടങ്ങളിലും കാണപ്പെടുന്നുണ്ട്. എന്നാൽ പ്രധാനമായി കാണപ്പെടുന്നത് പുറത്തൂർ, മനകൊളം, മനകൊടി, കുമരകം, ഏഴിമല, വളപട്ടണം, അമ്പലമേട്, കാടാമ്പള്ളി, ഇടമലയാർ, കൊല്ലം, ആലപ്പുഴ, കോട്ടയം, ചിറയിൻകീഴ്, പരവൂർ, വൈക്കം, നീണ്ടകര, കടലുണ്ടി, വാച്ചുളം, നോർത്ത് പറവൂർ, കായംകുളം, വേമ്പനാട്, കൊച്ചി, പറമ്പിക്കുളം, അഗസ്ത്യമല, ഇരവികുളം, മൂന്നാർ, തട്ടേക്കാട്, പുരുമേട്, മറയൂർ, കുട്ടനാട് എന്നീ സ്ഥലങ്ങളാണ്.

(ബി) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളായ നൈജീരിയ, അലാസ്ക, മ്യാൻമാർ, കാസ്പിയൻ മേഖല, മലേഷ്യ, സതേൺ യൂറോപ്പ്, റഷ്യ, പാക്കിസ്ഥാൻ, നേപ്പാൾ എന്നീ സ്ഥലങ്ങളിൽ നിന്നും എത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പക്ഷികൾ, പക്ഷിവർഗ്ഗങ്ങൾ എന്നിവ വന്യമൃഗസംരക്ഷണ നിയമ പ്രകാരം പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, ബോധവൽക്കരണ നടപടികൾ വനംവകുപ്പ് നേരിട്ടും സന്നദ്ധസംഘടനകൾ മുഖേനയും ഏറ്റെടുത്ത് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പക്ഷിസംരക്ഷണത്തിന്റെ പ്രാധാന്യത്തിന്റെ സന്ദേശം എത്തിക്കാറുണ്ട്.

വനാതിർത്തി ഗ്രാമങ്ങളിൽ വന്യജീവികളുടെ ഉപദ്രവം

125 [1259] ശ്രീ. ലൂഡി ലൂയിസ്:
„ അടൂർ പ്രകാശ്:
„ ജോർജ് ജെ. മാത്യു:
„ വർക്കല കഹാർ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലെ വനമേഖലകളിൽപ്പെട്ട ഗ്രാമങ്ങളിലാണ് രാത്രി കാലങ്ങളിലും പകലും വന്യമൃഗങ്ങൾ ഇറങ്ങാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ഉപദ്രവത്തിന്റെ ഫലമായി ഇവിടെ എത്രപേർ മരിച്ചുവെന്നും എത്ര പേർക്ക് പരിക്കേറ്റുവെന്നും വെളിപ്പെടുത്തുമോ;

(സി) മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്;

(ഡി) വനാതിർത്തികളുമായി ബന്ധപ്പെട്ട ഗ്രാമങ്ങളിൽ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ രാത്രിയും പകലും വന്യമൃഗങ്ങൾ ഇറങ്ങാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗ ആക്രമണത്തിൽ 19 പേർ മരിക്കുകയും 80 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണം കാരണം മരിച്ചവരുടെ ആശ്രിതർക്ക് 20,000 രൂപ നൽകാനും, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് 10,000 രൂപ നൽകാനും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പ്രകാരം അർഹരായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ഡി) വേനൽ കാലത്ത് ജലംതേടി സാധാരണ വന്യമൃഗങ്ങൾ സമീപ ഗ്രാമങ്ങളിൽ പ്രവേശിക്കുന്നു. ചിലയിനം മൃഗങ്ങളുടെ എണ്ണം കൂടുന്നത് മൂലവും ഇത്തരത്തിൽ സംഭവിക്കാറുണ്ട്. കൂടാതെ വനശോഷണം, വനത്തോട് ചേർന്ന് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ വിളകൾ കൃഷി ചെയ്യുന്നത് എന്നു തുടങ്ങിയ കാരണങ്ങളാലും വന്യമൃഗങ്ങൾ ഗ്രാമങ്ങളിൽ എത്തിച്ചേരുന്നു.

## സംസ്ഥാനത്തെ വനങ്ങളിൽ കൊല്ലപ്പെട്ട ആനകൾ

126 [1260] ശ്രീ. എം. പി. ഗംഗാധരൻ:
„ ലൂഡി ലൂയിസ്:
„ ഡി. സുഗതൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനങ്ങളിൽ ഇക്കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ എത്ര ആനകൾ കൊല്ലപ്പെട്ടു എന്നു പറയുമോ;

(ബി) കൊല്ലപ്പെട്ട ആനകളുടെ കൊമ്പ് നഷ്ടപ്പെട്ടിരുന്നോ;

(സി) കൊമ്പിനുവേണ്ടി ആനവേട്ട നടത്തിയതു മൂലമാണോ ഇവയുടെ കൊമ്പ് നഷ്ടപ്പെട്ടത്;

(ഡി) നഷ്ടപ്പെട്ട കൊമ്പുകൾ കണ്ടെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളെടുത്തു എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly